**ചോദ്യോത്തരം**
**മുജീബ്**

# വഖ്ഫ് ബോർഡിന്റെ തലപ്പത്ത് നിരീശ്വരവാദി?

■ *മുസ്‌ലിം സമുദായത്തിലെ നിസ്വാർഥരായ പൂർവികരുടെ ശേഷിപ്പുകളായ വഖ്ഫ് സ്വത്തുക്കൾ സംരക്ഷിക്കാനും വിശ്വാസിസമൂഹത്തിന്റെ പുരോഗതി ലക്ഷ്യംവെച്ച് പ്രവർത്തിക്കാനും രൂപംകൊണ്ട കേരള വഖ്ഫ് ബോർഡിന്റെ ചെയർമാൻ സ്ഥാനത്ത് നിരീശ്വരവാദിയായി അറിയപ്പെടുന്ന വ്യക്തിയെ അവരോധിക്കാൻ ജമാഅത്തെ ഇസ്‌ലാമി പ്രതിനിധി വോട്ടു ചെയ്തത് ഭരണകക്ഷിയെ പ്രീണിപ്പിക്കാൻ വേണ്ടിയായിരുന്നോ? അല്ലെങ്കിൽ അഡ്വ. സെയ്താലികുട്ടിയെ പോലുള്ള ഒരു വ്യക്തിയുടെ 'ഓപ്ഷൻ' നിലവിലുണ്ടായിരുന്നപ്പോൾ എന്തിനാണ് കെ.വി അബ്ദുൽ ഖാദർ എം.എൽ.എയെ പിന്തുണച്ചത്?*

***പാക്കത്ത് മുഹമ്മദ് അലനല്ലൂർ***

വഖ്ഫ് സ്വത്തുക്കൾ അതീവ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യപ്പെടേണ്ട അമാനത്താണ്. ആ ബോധമുള്ളവരാണ് വഖ്ഫ് മന്ത്രാലയത്തിന്റെയും ബോർഡുകളുടെയും ചുമതല വഹിക്കേണ്ടത്. എന്നാൽ മതേതര രാഷ്ട്രമായ ഇന്ത്യയിൽ അത്തരമൊരു നിയമനിർമാണമോ അവസ്ഥയോ പ്രതീക്ഷിക്കാൻ വയ്യ. നാമമാത്ര മുസ്‌ലിം മന്ത്രിമാരും ചെയർമാന്മാരും ബോർഡംഗങ്ങളും കേന്ദ്ര-സംസ്ഥാന വഖ്ഫ് കാര്യാലയങ്ങളെ ഭരിക്കുന്നതാണ് കാലാകാലങ്ങളിൽ തുടരുന്ന സമ്പ്രദായം. ഭരിക്കുന്ന കക്ഷികൾക്ക് ഹിതകരമായവർ ആരായാലും അവർ വഖ്ഫ് മന്ത്രിമാരും ബോർഡ് ഭാരവാഹികളുമായി വരും. ഇസ്‌ലാമിനോട് ശത്രുതയുള്ളവർ പോലും ബി.ജെ.പി സർക്കാറുകളുടെ കീഴിൽ വഖ്ഫ് ബോർഡുകളുടെ ചുമതല വഹിച്ചിട്ടുണ്ട്; ഇപ്പോഴും വഹിക്കുന്നുണ്ട്. കേരളത്തിലും കഴിഞ്ഞകാലങ്ങളിലുടനീളം വഖ്ഫ് ബോർഡുകളുടെ തലപ്പത്തിരുന്നവർ രാഷ്ട്രീയ പരിഗണനയിലൂടെ അവരോധിക്കപ്പെട്ടവരായിരുന്നു. അവരിൽ ചിലർ രാഷ്ട്രീയക്കാർ ആയിരുന്നില്ലെങ്കിലും, സെലക്ഷൻ രാഷ്ട്രീയതാൽപര്യങ്ങൾ പരിഗണിച്ചുതന്നെയായിരുന്നു. പേരിന് വിശ്വാസികളായിരുന്നാലും വഖ്ഫ് സ്വത്തുക്കളുടെ കാര്യത്തിൽ വിശ്വാസത്തിന്റെയും വിശ്വാസ്യതയുടെയും അടയാളങ്ങളൊന്നും കാട്ടാത്തവരും അക്കൂട്ടത്തിലുണ്ടായിരുന്നു. അല്ലാഹു ഉണ്ട് എന്ന് വിശ്വസിക്കുന്നതു കൊണ്ടുമാത്രം വിശേഷമൊന്നും സംഭവിക്കുകയില്ല, ജീവിതത്തിൽ ദൈവഭയം ഇല്ലെങ്കിൽ. കേന്ദ്ര ഹജ്ജ് മന്ത്രാലയത്തെപ്പറ്റി ഉയരുന്ന പരാതികൾ ഇതിന് ഉദാഹരണമാണ്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ സെക്രട്ടറി, ഏത് മതക്കാരനായാലും കോഴിക്കോട് കലക്ടറായിരുന്നു ഇതുവരെ; ഇപ്പോൾ മലപ്പുറം കലക്ടറാണ്. ഇതൊക്കെ മതേതര സംവിധാനത്തിന്റെ അനിവാര്യതകളാണ് എന്ന് ആശ്വസിക്കുകയേ നിർവാഹമുള്ളൂ.

കേരളത്തിലെ ഇടതുമുന്നണി സർക്കാർ വഖ്ഫ് ബോർഡിലേക്ക് നാമനിർദേശം ചെയ്ത എം.പിയും എം.എൽ.എമാരും സ്വാഭാവികമായും ആ മുന്നണിയിൽപെട്ട മുസ്‌ലിം നാമധാരികളാണ്. അവർക്ക് വിശ്വാസമുണ്ടോ ഇല്ലേ എന്ന് തീരുമാനിക്കേണ്ടവരും പറയേണ്ടവരും അവർ തന്നെയാണ്; ഇക്കാര്യത്തിൽ മറ്റുള്ളവർക്ക് വിധിയെഴുതാൻ അവകാശമില്ല. പാർലമെന്റിലും നിയമസഭകളിലും അംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്യുമ്പോൾ ദൃഢപ്രതിജ്ഞ മതി എന്നതാണ് കമ്യൂണിസ്റ്റ് പാർട്ടികളുടെ നിർദേശം. സ്വാഭാവികമായും അവരുടെ അംഗങ്ങൾ വ്യവസ്ഥ പാലിക്കുന്നു. ഇതുകൊണ്ടു മാത്രം ആരെയും നിരീശ്വരവാദി എന്ന് വിധിയെഴുതിക്കൂടാ. എം.എൽ.എയും മന്ത്രിയും എം.പിയുമായിരുന്നു പരേതനായ സഖാവ് ഇമ്പിച്ചിബാവ. ദൃഢപ്രതിജ്ഞയാണ് അദ്ദേഹവും ചെയ്തത്. പക്ഷേ ജീവിതാവസാനം വരെ അദ്ദേഹം വിശ്വാസിയായിരുന്നു. പാർട്ടിയെ പോലും അറിയിക്കാതെ അദ്ദേഹം ഹജ്ജ് കർമവും നിർവഹിച്ചു. അബ്ദുല്ലകുട്ടി എം.പിയുടെ വിശ്വാസകാര്യം അദ്ദേഹംതന്നെ തുറന്നു പറഞ്ഞിട്ടുണ്ട്. സി.പി.എം എം.പിയായ ടി.കെ ഹംസയും എം.എൽ.എ മഞ്ഞളാംകുഴി അലിയും വിശ്വാസികളാണെന്ന് തുറന്ന് പറയുന്നവരും മതചടങ്ങുകളിൽ പങ്കെടുക്കുന്നവരുമാണ്. മറിച്ച് ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തശേഷം പടച്ചവനോ പടപ്പുകളോ പൊറുക്കാത്ത മഹാ ആരോപണങ്ങൾക്ക് വിധേയരായവരെയും അറിയാം. ഈ ദിശയിലുള്ള വിവാദങ്ങൾ എത്ര വേഗം അവസാനിപ്പിക്കുന്നുവോ അത്രയും എല്ലാവർക്കും നല്ലത്.

നിലവിലെ വഖ്ഫ് ബോർഡിൽ സർക്കാർ നാമനിർദേശം ചെയ്തവരിൽ ഒരാൾ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രതിനിധിയാണ്. ഒറ്റയാൾ എങ്ങനെ വിചാരിച്ചാലും ബോർഡ് ചെയർമാനെ നിശ്ചയിക്കാനാവില്ല. നാമനിർദേശം ചെയ്യപ്പെട്ടവരിൽ സമസ്ത എ.പി വിഭാഗം പ്രതിനിധിയും നദ്‌വത്തുൽ മുജാഹിദീന്റെ ജനറൽ സെക്രട്ടറിയും പി.ഡി.പിയുടെ നോമിനിയും ഉണ്ട്. അവരൊക്കെയും ആലോചിച്ചുതന്നെയാണ് ഒരേറ്റുമുട്ടൽ ഒഴിവാക്കാൻ സർക്കാർ നോമിനിക്ക് അനുകൂലമായി തീരുമാനമെടുത്തത് എന്നാണറിവ്. വഖ്ഫ് ബോർഡ് നേരത്തെ കൈയാളിയിരുന്ന വിഷയങ്ങൾക്ക് പുറമെ, കേന്ദ്ര സർക്കാറിന്റെ ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ ചിലതും പാലോളി കമ്മിറ്റി ശിപാർശകളിൽ പലതും നടപ്പാക്കേണ്ട ചുമതല കൂടി

ബോർഡിന് വരും. ഈ സാഹചര്യത്തിൽ സർക്കാറുമായി ഏറ്റുമുട്ടുന്ന ഒരു ബോഡിക്ക് വെറുതെ വാർത്തകൾ സൃഷ്ടിക്കാനല്ലാതെ ഫലപ്രദമായി ഒന്നും ചെയ്യാനാവില്ല. കഴിഞ്ഞ വഖ്ഫ് ബോർഡ് തന്നെ ഇടതുമുന്നണി അധികാരത്തിൽ വന്നശേഷം പ്രയാസങ്ങൾ അനുഭവിച്ചിരുന്നു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ചെയർമാനാകട്ടെ താൻ മതനിഷേധിയല്ലെന്നും, വഖ്ഫ് സ്വത്തുക്കളുടെ സംരക്ഷണം പരമാവധി ഉറപ്പാക്കാൻ നടപടികളെടുക്കുമെന്നും ഉറപ്പ് നൽകുന്നു. അദ്ദേഹത്തിന്റെ 'ഹൃദയ ശസ്ത്രക്രിയ'ക്ക് നേരം കളയാതെ സഹകരണത്തിന്റെ പാത തേടുന്നതും തെറ്റുകൾ സംഭവിക്കുമ്പോൾ ചൂണ്ടിക്കാട്ടുന്നതുമാണ് നല്ലതെന്ന് ജമാഅത്തെ ഇസ്‌ലാമി കരുതുന്നു.

## സർദാർ സൂക്തങ്ങളുടെ ദൗർബല്യം

■ *"സാംസ്കാരിക സാധ്യതകളുടെ സങ്കലനം അസാധ്യമാക്കുന്ന ഏകശിലാ ഘടനയാണ് മുഖ്യധാരാ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ പ്രധാന പരിമിതിയെന്ന് സർദാർ പറയുന്നു. ജമാഅത്തെ ഇസ്‌ലാമി, മുസ്‌ലിം ബ്രദർഹുഡ് എന്നീ ഇസ്‌ലാമിക സംഘടനകളെ അടുത്തുനിന്നറിഞ്ഞ സർദാർ, ആ പ്രസ്ഥാനങ്ങളുടെ പൊതുസ്വഭാവം അതിന്റെ ചിന്താശൂന്യതയാണെന്ന് കണ്ടെത്തുന്നു. ഇസ്‌ലാമിനെ സമഗ്ര സിദ്ധാന്തമായി, ജീവിതത്തിന്റെ എല്ലാ വശങ്ങളെയും കൈകാര്യം ചെയ്യുന്ന സമ്പൂർണ പ്രത്യയശാസ്ത്ര വ്യവസ്ഥയായിട്ടാണ് ജമാഅത്ത് ആചാര്യനായ മൗദൂദി സാഹിബ് അവതരിപ്പിച്ചത്. എന്നാൽ സമ്പൂർണ വ്യവസ്ഥയിൽ അവർ മുന്നോട്ടുവെച്ച ലോക വീക്ഷണം കേവലം മിഥ്യയായി അവശേഷിച്ചു. ആധുനികതയുടെ എല്ലാ ധർമസങ്കടങ്ങളെയും മറികടക്കാനുള്ള വഴികൾ ഇസ്‌ലാം നേരത്തെ തയാറാക്കി വെച്ചിരിക്കുന്നുവെന്ന മിഥ്യാബോധത്തിലാണ് അവരുടെ പ്രസ്ഥാനമുയർന്നത്. സംശയരഹിതമായ, യുക്തിരാഹിത്യം നിറഞ്ഞ പൂർണതാബോധം അടിച്ചേൽപിക്കുന്നതാണ് രാഷ്ട്രീയ ഇസ്‌ലാമിന്റെ രീതി...."*

*('ഡെസ്പെറേറ്റ്ലി സീക്കിംഗ് പാരഡൈസ്' എന്ന സിയാഉദ്ദീൻ സർദാറിന്റെ ആത്മകഥയുടെ പരിഭാഷക്ക് അജയ് പി മങ്ങാട്ട് എഴുതിയ അവതാരികയിൽനിന്ന്).*

*അറിവിന്റെയും അന്വേഷണത്തിന്റെയും അനന്തസാധ്യതകൾ തുറന്നു തരുന്ന ഖുർആന്റെ മാതൃക വേണ്ടവിധം പിന്തുടരാൻ ജമാഅത്തെ ഇസ്‌ലാമിക്ക് സാധിച്ചുവോ? ജമാഅത്തെ ഇസ്‌ലാമി ഒരു ചിന്താപ്രസ്ഥാനമോ തബ്‌ലീഗീ പ്രസ്ഥാനമോ? എന്താണ് ഇസ്‌ലാമിന്റെ സമഗ്രത?*

***പി. ജലീൽ അത്തോളി***

**സി**യാഉദ്ദീൻ സർദാർ പണ്ഡിതനായ സത്യാന്വേഷകനും വിമർശകനുമാണ്. അദ്ദേഹത്തിന് സ്വന്തമായ വീക്ഷണങ്ങളും നിരീക്ഷണങ്ങളുമുണ്ട്. എന്നുവെച്ച് ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളെയും അവയുടെ ഉപജ്ഞാതാക്കളെയും കുറിച്ച് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ സൂക്ഷ്മവും അഗാധവുമായ വിലയിരുത്തലോ ക്രിയാത്മകമായ വിമർശനങ്ങളോ അല്ല. വിചാരത്തേക്കാൾ വികാരമാണ് സർദാറിനെ നയിച്ചതെന്ന് പറയേണ്ടിവരും. ഒരുമാതിരി ഇസ്‌ലാമിക കൂട്ടായ്മകളെ മുഴുവൻ അദ്ദേഹം തള്ളിക്കളഞ്ഞതിന്റെ പിന്നിൽ ഈ വൈകാരികതയുണ്ട്. ഇസ്‌ലാം കേവലം സങ്കുചിത സാമ്പ്രദായിക മതമായും സ്വകാര്യ ജീവിതത്തിലെ ഇടപാടായും തെറ്റിദ്ധരിക്കപ്പെട്ട സാഹചര്യങ്ങളിലാണ്, വിശുദ്ധ ഖുർആനും പ്രവാചകശ്രേഷ്ഠനും അവതരിപ്പിച്ചതും സച്ചരിതരായ ഖലീഫമാർ പ്രയോഗവത്കരിച്ചു കാണിച്ചതുമായ ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തെ ആധുനിക പ്രസ്ഥാനങ്ങൾ മാറിയ ലോകാവസ്ഥകൾ കണക്കിലെടുത്ത് പുനരവതരിപ്പിച്ചത്. മുഖ്യമായും ആദർശ താത്ത്വിക പ്രതലങ്ങളിലാണ് ഇഖ്‌വാനും ജമാഅത്തെ ഇസ്‌ലാമിയും തുടക്കത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. ആശയസമരം വിജയകരമായ ഘട്ടം പിന്നിട്ടപ്പോൾ പ്രയോഗതലത്തിലെ വിശദാംശങ്ങളെക്കുറിച്ച് ഈ പ്രസ്ഥാനങ്ങൾ ഗൗരവപൂർവം ചിന്തിക്കാതിരുന്നില്ല. തദടിസ്ഥാനത്തിലാണ് പാകിസ്താൻ നിലവിൽവന്ന് അധികം താമസിയാതെ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി മുൻകൈയെടുത്ത് എല്ലാ വിഭാഗത്തിലും പെട്ട പണ്ഡിതന്മാരെ കറാച്ചിയിൽ വിളിച്ചുചേർത്ത് ഒരു ഇസ്‌ലാമിക ജനാധിപത്യ ഭരണഘടനയുടെ മാർഗദർശക തത്ത്വങ്ങൾ പ്രഖ്യാപിച്ചത്. തുടർന്ന് തദടിസ്ഥാനത്തിലുള്ള ഭരണഘടന അംഗീകരിപ്പിക്കാനായിരുന്നു പാക് ജമാഅത്തെ ഇസ്‌ലാമിയുടെയും മൗദൂദിയുടെയും പോരാട്ടം. 1973-ൽ അത് ലക്ഷ്യം കാണുന്നതിന് മുമ്പുതന്നെ 1970ലെ പൊതുതെരഞ്ഞെടുപ്പിൽ ജമാഅത്ത് പുറത്തിറക്കിയ മാനിഫെസ്റ്റോ കേവലം പ്രത്യയശാസ്ത്ര ഡോഗ്‌മ ആയിരുന്നില്ല, നാനാ ജീവിതതുറകളെ സ്പർശിക്കുന്ന സമഗ്ര പരിഷ്കരണ പരിപാടി തന്നെയായിരുന്നു. ഈജിപ്തിലെ തെരഞ്ഞെടുപ്പുകളിൽ മുസ്‌ലിം ബ്രദർഹുഡും അതുതന്നെ ചെയ്തു. പാർട്ടി ലേബലിൽ മത്സരിക്കാൻ വിലക്കുണ്ടായിരുന്നിട്ടുകൂടി 88 ഇഖ്‌വാൻ പ്രതിനിധികളെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജയിപ്പിക്കാൻ പ്രസ്ഥാനത്തിന് സാധിച്ചത് പട്ടിണിക്കും വിലക്കയറ്റത്തിനും തൊഴിലില്ലായ്മക്കും അഴിമതിക്കുമെതിരെ ഫലപ്രദമായ പരിഹാര നിർദേശങ്ങൾ മുന്നോട്ടു വെച്ചതുകൊണ്ടുതന്നെയാണ്. ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട തുർക്കിയിലെ ജസ്റ്റിസ് ആന്റ് ഡവലപ്മെന്റ് പാർട്ടിയാകട്ടെ വൻ ഭൂരിപക്ഷത്തോടെ അവരെ അധികാരത്തിലേറ്റിയ ഒടുവിലത്തെ തെരഞ്ഞെടുപ്പിൽ പുറത്തിറക്കിയ പ്രകടന പത്രിക, തീവ്ര മതേതര ഭരണഘടനയുടെ പരിമിതികളിൽനിന്നുകൊണ്ടുതന്നെ ഇസ്‌ലാമിക ധാർമിക നൈതിക മൂല്യങ്ങളിൽ ഊന്നുന്ന ഒരു നവരാഷ്ട്ര നിർമിതി എങ്ങനെ സാധ്യമാക്കാം എന്നതിന്റെ മികച്ച ഉദാഹരണമാണ്. ഇതൊന്നും സിയാഉദ്ദീൻ സർദാർ ശ്രദ്ധിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ; അദ്ദേഹത്തെ ഉദ്ധരിച്ച മലയാളി ലേഖകൻ ബോധപൂർവം അവഗണിച്ചു എന്ന് തീർച്ചയാണ്.

ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത, മാറുന്ന ലോകത്തോടൊപ്പം ചലിക്കാൻ ശരീഅത്തിനെ പ്രാപ്തമാക്കുന്ന ഇജ്തിഹാദിന്റെ അനന്ത സാധ്യതകളെ ഉയർത്തിക്കാട്ടിയതാണ്. അതിനാൽ തന്നെ ഹസനുൽ ബന്നായുടെയോ സയ്യിദ് ഖുത്ബിന്റെയോ മൗദൂദിയുടെയോ വീക്ഷണങ്ങളും നിരീക്ഷണങ്ങളും അവസാന വാക്കുകളായി ഈ പ്രസ്ഥാനങ്ങൾ വിലയിരുത്തുന്നില്ല. അവർ അടിത്തറ പണിയുകയായിരുന്നു. അതിന്മേൽ നിലയുറപ്പിച്ചു ലോകത്ത് സമാധാനവും നീതിയും ഏകതയും പുലരാൻ ഏതറ്റം വരെയും പോകാം. അറിവും ബുദ്ധിയും പ്രതിബദ്ധതയുമുള്ള പിൻഗാമികളാണതിന് സന്ദർഭോചിതം പണിയെടുക്കേണ്ടത്. ജമാഅത്തെ ഇസ്‌ലാമി ഒരർഥത്തിലും തബ്‌ലീഗീ പ്രസ്ഥാനമല്ല, തബ്‌ലീഗിനെ നിരാകരിച്ച ചിന്താ-കർമസരണിയാണ്.

## എൻ.ഡി.എഫിന്റെ രാഷ്ട്രീയം

■ *ഇസ്‌ലാമിക പ്രസ്ഥാനം രാഷ്ട്രീയ പ്രവേശം പരസ്യമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. എൻ.ഡി.എഫിന്റെ രാഷ്ട്രീയ*

*വേദി 'പോപുലർ ഫ്രണ്ട് ഓഫ് ഇന്ത്യ' എന്ന പേരിൽ നിലവിൽ വരികയാണ്. രണ്ടിന്റെയും ലക്ഷ്യങ്ങൾ ഒന്നുതന്നെയാണെങ്കിൽ ഇനിയെങ്കിലും ഈ സമുദായത്തെ തമ്മിൽ തല്ലിക്കാതെ രണ്ടും ഒന്നായി പ്രവർത്തിച്ചുകൂടേ? ഈ നിലക്ക് വല്ല ആലോചനകളും നടത്തിയിട്ടുണ്ടോ? എൻ.ഡി.എഫ് തീവ്രവാദി സംഘടനയാണെന്ന് പ്രസ്ഥാനത്തിനും അഭിപ്രായമുണ്ടോ? നബി(സ)ക്ക് ജൂതന്മാരുമായി പോലും സഖ്യമുണ്ടാക്കാമെങ്കിൽ എൻ.ഡി.എഫുമായി എന്തുകൊണ്ട് ഒരു സഖ്യമുണ്ടാക്കിക്കൂടാ? എൻ.ഡി.എഫുമായി ഏതു തരത്തിലുള്ള സഹകരണമാണ് പ്രസ്ഥാനം അനുവദിക്കുന്നത്?*

***ഇബ്നു ഹമാസ് അബൂദബി***

ജമാഅത്തെ ഇസ്‌ലാമി രൂപവത്കരിക്കാനിരിക്കുന്ന രാഷ്ട്രീയ പാർട്ടി അതിന്റെ ഒരു രാഷ്ട്രീയ വേദിയോ സാമുദായിക പാർട്ടിയോ ആയിരിക്കുകയില്ലെന്നും മതനിരപേക്ഷ ജനാധിപത്യ ഇന്ത്യയിൽ സാമൂഹികനീതിയും സമാധാനവും മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുടെ വീണ്ടെടുപ്പും ലക്ഷ്യമാക്കിയുള്ള പൊതുവായ രാഷ്ട്രീയ പ്രസ്ഥാനമായിരിക്കുമെന്നും ഉത്തരവാദപ്പെട്ടവർ വിശദീകരിച്ചിട്ടുണ്ട്. പാർട്ടി നിലവിൽ വന്നശേഷം മാത്രമേ ഇനിയെന്തെങ്കിലും പറയാനാവൂ. ആരെല്ലാമായി കൂട്ടുചേരും, കൂട്ടുചേരില്ല തുടങ്ങിയ വിശദാംശങ്ങളൊക്കെ പിന്നീട് തീരുമാനിക്കപ്പെടേണ്ടതാണ്. അക്കാര്യങ്ങൾ തീരുമാനിക്കുന്നതും ജമാഅത്തെ ഇസ്‌ലാമിയാവില്ല. പുതിയ രാഷ്ട്രീയ പാർട്ടിയാവും.

പോപുലർ ഫ്രണ്ട് ഓഫ് ഇന്ത്യയുടെ രാഷ്ട്രീയ പ്രവേശവും ഫെബ്രുവരിയിലെ കോഴിക്കോട് കൺവെൻഷനോടെ മാത്രമേ യാഥാർഥ്യമാവാനിടയുള്ളൂ. ഗർഭസ്ഥ ശിശുവിനെ വിലയിരുത്തുന്നതിൽ അർഥമില്ല. ജൂതന്മാർ ഒരു സമുദായമായിരുന്നു, പാർട്ടി ആയിരുന്നില്ല. എൻ.ഡി.എഫും പി.എഫ്.ഐയും സമുദായങ്ങളല്ല, സംഘടനകളാണ്. സംഘടനകളുടെ ആദർശം, ലക്ഷ്യം, നയ പരിപാടികൾ, പ്രവർത്തന ശൈലി എന്നിവ വിലയിരുത്തിയ ശേഷമാണ് സഹകരണത്തിന്റെ സാധ്യത പരിശോധിക്കുക. തീവ്രവാദവും ആയുധ പ്രയോഗവും സകാരണമായി ആരോപിക്കപ്പെടുന്ന ഏത് പ്രസ്ഥാനത്തോടും സഹകരിക്കാൻ സാമാധാനപൂർവം മാത്രം പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധമായ ജമാഅത്തെ ഇസ്‌ലാമിക്ക് തടസ്സവും പ്രയാസവും ഉണ്ടാവും.

## കള്ളപ്പണത്തിന്റെ ഗതി

■ *ബി.ജെ.പിയുടെ പാർട്ടി ആസ്ഥാനത്തുനിന്ന് 2-6 കോടിയിലേറെ രൂപ മോഷണം പോയതായും അന്വേഷണം പോലീസിനെ ഏൽപിക്കാതെ സ്വകാര്യ ഏജൻസിയെ ഏൽപിച്ചതായും വാർത്ത കണ്ടു. പോലീസ് ഡിപ്പാർട്ട്മെന്റിനെ വിശ്വാസമില്ലാത്തതുകൊണ്ടാണോ സ്വകാര്യ ഏജൻസിയെ ഏൽപിച്ചത്?*

***പി.വി.സി മുഹമ്മദ് പൊന്നാനി***

രാജ്യത്തെ ഒട്ടുമിക്ക രാഷ്ട്രീയ പാർട്ടികളും കളിക്കുന്നത് കണക്കിൽ പെടാത്ത കള്ളപ്പണം കൊണ്ടാണെന്നത് പരക്കെ അറിയാവുന്ന സത്യം മാത്രം. ബി.ജെ.പി ആസ്ഥാനത്ത് കോടികൾ എങ്ങനെ എത്തി എന്നതാവും അന്വേഷണത്തിന്റെ പ്രാഥമിക ബിന്ദു. സത്യം പുറത്ത് വരുന്നത് ഭയക്കുന്നവർ സ്വാഭാവികമായും കുറുക്കുവഴികൾ തേടേണ്ടിവരും. പണച്ചാക്കുകളും ക്രിമിനലുകളും പാർട്ടികളെ ഹൈജാക്ക് ചെയ്തിരിക്കെ കള്ളനെ കപ്പലിൽ അന്വേഷിക്കുന്നതാണ് നേരറിയാൻ നല്ലത്. ■